# സഞ്ചരിക്കുന്ന പുസ്തകക്കട അതിൽ വിജയം കൊയ്യുന്ന ഒരു യുവാവും

**ഇതാണ് ദാസൻ. പേരിലെ 'ദാസ്യം' പ്രവൃത്തി കൊണ്ടു മാറ്റിയവൻ. പഠിച്ചു പാസായി വീട്ടിലിരുന്നാൽ മതി; വിളിച്ചു ജോലി തരേണ്ടത് സർക്കാരിന്റെ ചുമതലയാണെന്നു കരുതുന്ന കേരളീയർക്കിടയിൽ സ്വയമൊരു തൊഴിൽ കണ്ടെത്തി അതിലൂടെ അന്തസ്സായി ജീവിക്കുന്നവൻ.**

***********

**പുസ്തക വില്പനയാണ്** ദാസന്റെ തൊഴിൽ. ഏകദേശം എട്ടു വർഷങ്ങൾക്കുമുമ്പ്, ഇരുപതാം വയസിലാണ് ദാസൻ ഈ തൊഴിലിൽ ഇറങ്ങുന്നത്. ഒരു സഞ്ചി പുസ്തകവുമായി വീടുകളിലും ഓഫീസുകളിലും വായനക്കാരെ തേടിയിറങ്ങിയ ദാസൻ ആ രംഗത്ത് ഇന്നും ഉറച്ചുനില്ക്കുന്നു. കാൽനടയായി തുടങ്ങിയ പുസ്തക വിതരണം പിന്നെ സൈക്കിളിലായി, പിന്നെ സ്കൂട്ടറിൽ, പിന്നെ ഓട്ടോറിക്ഷയിൽ, അവസാനം ഇപ്പോഴിതാ സ്വന്തം മാരുതി വാനിലാണ് ദാസൻ തന്റെ പറ്റുപടിക്കാരെ തേടിയെത്തുന്നത്!

ജ്യേഷ്ഠൻ കടമായി നല്കിയ ഏഴായിരം രൂപയായിരുന്നു ദാസന്റെ ആദ്യത്തെ മുടക്കുമുതൽ. പുസ്തകം വാങ്ങിവയ്ക്കാനും വായിക്കാനും താല്പര്യമുള്ളവരെ കണ്ടെത്തി. അവർക്കു മുൻകൂർ പുസ്തകങ്ങൾ നല്കുക; വില മൂന്നോ നാലോ അഞ്ചോ തവണകളായി വാങ്ങുക– ഇതാണ് ദാസന്റെ ബിസിനസ്. എല്ലാ മാസവും കൃത്യമായുള്ള സന്ദർശനം; ഇടപാടുകാരുടെ താല്പര്യങ്ങൾ മനസിലാക്കിയുള്ള സമീപനം, കഠിനാധ്വാനം... എന്നിങ്ങനെ ദാസന്റെ തൊഴിൽ വിജയത്തിനു കാരണങ്ങൾ പലതാണ്. തൃശൂർ, എറണാകുളം ജില്ലകളിലെ ഓഫീസുകളാണ് ഇപ്പോൾ ദാസന്റെ പ്രധാന തൊഴിൽ മേഖല.

ദാസനുമായുള്ള സംസാരത്തിൽനിന്ന് –

ചോദ്യം: ഈ തൊഴിലിൽനിന്ന് എന്തു വരുമാനം ലഭിക്കുന്നുണ്ട്?

ഉത്തരം: സാധാരണയായി മാസത്തിൽ 20 ദിവസമാണ് ഞാൻ കച്ചവടത്തിനിറങ്ങാറ്. ഒരു സാധാരണ സർക്കാർ ജീവനക്കാരനോ ബാങ്ക് ജോലിക്കാരനോ ലഭിക്കുന്നതിനേക്കാൾ കൂടുതൽ പ്രതിമാസ വരുമാനം ലഭിക്കുന്നുണ്ട്. ഒരു മാസം കുറച്ച് കൂടുതൽ പണം ആവശ്യമായി വന്നാൽ കുറച്ചുദിവസം കൂടുതൽ വർക്ക് ചെയ്ത് അതും ഉണ്ടാക്കാനാകും.

ചോ: എത്ര സ്ഥിരം ഇടപാടുകാരുണ്ട്?

ഉ: അഞ്ഞൂറ് – അറുന്നൂറ് സ്ഥിരം ഇടപാടുകാരുണ്ട്. അതിൽ കൂലിപ്പണിക്കാരൻ മുതൽ ഐ.എ.എസുകാരൻ വരെ ഉണ്ട്. ഭൂരിഭാഗവും പുരുഷന്മാരാണ്. പണം കൊടുത്ത് പുസ്തകം വാങ്ങുന്ന സ്ത്രീകൾ വളരെ കുറവാണ്.

ചോ: ഏതു തരം പുസ്തകങ്ങളാണ് കൂടുതൽ ചെലവാകുന്നത്?

ഉ: കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകങ്ങളാണ് ഇപ്പോൾ ഏറ്റവുമധികം ചെലവാകുന്നത്. കുട്ടികൾക്കുള്ള കഥകളുടെ സമാഹാരങ്ങളും കുട്ടികളെ ഉദ്ദേശിച്ചുവാങ്ങുന്ന റഫറൻസ് പുസ്തകങ്ങളുമാണ് ബെസ്റ്റ് സെല്ലേഴ്സ്. ഗൗരവമുള്ള വായനയുടെ തലത്തിലേക്കു കടന്നാൽ, എം.ടി., യതി, ആനന്ദ്, ഒ.വി.വിജയൻ, മാധവിക്കുട്ടി തുടങ്ങിയവരുടെ കൃതികൾക്ക് എപ്പോഴും ആവശ്യക്കാരുണ്ട്.

ചോ: വായനയുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് എന്തെങ്കിലും നിരീക്ഷണം?

ഉ: അധ്യാപകരുടെ ഇടയിൽ പുസ്തകം വാങ്ങുകയും വായിക്കുകയും ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്; അത് അത്ഭുതകരമായി തോന്നിയിട്ടുണ്ട്.

ചോ: തവണ വ്യവസ്ഥയിലാണല്ലോ പുസ്തകം കൊടുക്കുന്നത്. ആരെങ്കിലും കബളിപ്പിച്ചിട്ടുണ്ടോ?

ഉ: മനഃപൂർവം ആരും പറ്റിച്ചിട്ടില്ല. അപ്രതീക്ഷിതമായ സ്ഥലംമാറ്റം തുടങ്ങിയ കാരണങ്ങളാൽ സ്ഥലം വിടേണ്ടി വരുന്നവർ പലരും പിന്നെ പണം കൊണ്ടുവന്നു തരാറില്ല. പക്ഷേ, പുതിയ വിലാസത്തിൽ ബന്ധപ്പെട്ടാൽ അവർ തിരികെയും ചെയ്യും. പണം പിരിക്കാൻ സ്ഥിരമായി ചെല്ലുന്നപക്ഷം പണം നഷ്ടപ്പെടാൻ സാധ്യതയില്ല.



ചോ: ഈ തൊഴിലിൽ വിജയിക്കാൻ പ്രത്യേകമായി എന്താണ് ചെയ്യേണ്ടത്?

ഉ: പുസ്തകങ്ങളെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും അത്യാവശ്യം അറിവും താല്പര്യവുമുള്ള ഒരാൾക്കേ ഇതു കൊണ്ടുനടക്കാനാകൂ. കണക്കു കൂട്ടാൻ കൃത്യതയും ഇടപാടുകളിൽ സത്യസന്ധതയും വേണം. അവനവൻ തന്നെ ഓരോ തവണയും നേരിട്ട് ഇടപാടുകാരെ കണ്ടു ബന്ധം നിലനിർത്തണം. കൈയിലുള്ള പുസ്തകം മാത്രമല്ല, ഒരാൾ ആവശ്യപ്പെടുന്നപക്ഷം കൈയിലില്ലാത്ത പുസ്തകം വാങ്ങി കൊടുക്കാനും ശ്രമിക്കണം. അവനവനു നേരിട്ട് കൈകാര്യം ചെയ്യാവുന്നത്ര ഇടങ്ങളിലേ കച്ചവടം നടത്താവൂ. പിന്നെ, തുടക്കത്തിൽ ഒരു കൊല്ലമെങ്കിലും ക്ഷമിച്ചു പിടിച്ചുനില്ക്കാനുള്ള മനസും വേണം.

ചോ: ഈ തൊഴിലിൽ സംതൃപ്തനാണോ?

ഉ: ഇതിലും സംതൃപ്തി നല്കുന്ന മറ്റൊരു തൊഴിൽ ഇതുവരെ ഞാൻ കണ്ടിട്ടില്ല. സ്വാതന്ത്ര്യം, സ്വാശ്രയത്വം, വരുമാനം, ജനസമ്പർക്കം... എല്ലാം ഇതിൽനിന്നു ലഭിക്കുന്നു.